# നീര കേയ്ക്ക് വിപണിയിൽ

കൊച്ചി: കേരളത്തിൽ ആദ്യമായി നീരകേയ്ക്ക് വിപണിയിലെത്തുന്നു. തിരുകൊച്ചി കമ്പനിയുടെ കീഴിൽ നീര ടാപ്പ് ചെയ്യാൻ ലൈസൻസ് ലഭിച്ച കോതമംഗലം ഫെഡറേഷനാണ് മൂവാറ്റുപുഴയിലെ ഇൻഡ്യൻ ബേക്കറി വഴി നീരകേയ്ക്ക് നിർമ്മിച്ച് വിപണിയിലെത്തിക്കുന്നത്. പഞ്ചസാരയ്ക്കു പകരം നീര ശർക്കര സിറപ്പ് ഉപയോഗിച്ചാണ് കേയ്ക്ക് നിർമ്മിക്കുന്നത്. പഞ്ചസാരയുടെ പകുതി ഗ്ലൈസീമിക് ഇൻഡക്സ് ഉള്ള നീര ശർക്കര സിറപ്പ് ഉപയോഗിച്ചുണ്ടാക്കുന്ന രുചിയേറിയ കേയ്ക്ക് പ്രമേഹ രോഗികൾക്കും ഉത്തമമാണ്. കമ്പനി അധികൃതർ ബോർഡിൽ എത്തിച്ച കേക്കിന്റെ വിതരണ ഉദ്ഘാടനം മുഖ്യ നാളികേര വികസന ഓഫീസർ ശ്രീ. സുഗത ഘോഷ് നിർവ്വഹിച്ചു. ക്രിസ്തുമസ് പ്രമാണിച്ച് കേയ്ക്കുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതാണെന്ന് ഫെഡറേഷൻ പ്രസിഡന്റ് പി. പി. മത്തായി അറിയിച്ചു. നാളികേര വികസന ബോർഡ് ചെയർമാൻ ടി. കെ. ജോസ് ഐ.എ.എസ്, മറ്റ് ബോർഡ് ഉദ്യോഗസ്ഥർ, കമ്പനി ഡയറക്ടർ ബോർഡ് അംഗം പി. പി. മൊയ്തീൻ ഹാജി, കോതമംഗലം ഫെഡറേഷൻ വൈസ് പ്രസിഡന്റ് മാവുടി മുഹമ്മദ് ഹാജി എന്നിവർ തദവസരത്തിൽ സന്നിഹിതരായിരുന്നു. ജോസഫ് ബാബു ചെയർമാനായ തിരുകൊച്ചി കമ്പനിയുടെ നേതൃത്വത്തിൽ നീരയും നീരയുടെ മറ്റ് മൂല്യ വർദ്ധിത ഉൽപന്നങ്ങളായ നീരഹണി, ശർക്കര, മിഠായി, പാനി തുടങ്ങിയവയും വിപണിയിൽ എത്തിക്കുന്നുണ്ട്.